www.malankaralibrary.com

അദ്ധ്യായം 1

## കാറൽ മാർക്സ് : ജീവിതരേഖ

കാറൽ മാർക്സ് ജനിക്കുന്നത് 1818 മേയ് 5-ാം തിയ്യതിയാണ്. പ്രഷ്യയിലെ പൗരന്മാരായിരുന്നു ഹെൻറിച്ച് മാർക്സിന്റെയും (Heinrich Marx) ഹെൻറീറ്റ് പ്രെസ്സ്ബെർഗിന്റെയും (Henriette Pressberg) ഒൻപത് മക്കളിൽ മൂന്നാമനായിരുന്നു കാറൽ മാർക്സ്. യഹൂദ മതത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് മതം മാറ്റം നടത്തിയവരായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ. യഹൂദന്മാർ ക്രിസ്ത്യൻ രാജ്യങ്ങളിൽ രണ്ടാം തരം പൗരന്മാരായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. യഹൂദ മതത്തിൽ നിന്ന് ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യാതെ ജീവിതം അസാദ്ധ്യമായ ഘട്ടത്തിലായിരിക്കണം മാർക്സിന്റെ കുടുംബം ക്രിസ്തുമതം സ്വീകരിക്കുന്നത്.

1835 ൽ 17-ാം മത്തെ വയസ്സിൽ ബോൺ സർവ്വകലാശാലയിൽ പഠനം ആരംഭിച്ചു. 1836-ൽ ബെർലിൻ സർവ്വകലാശാലയിലേക്ക് പഠനം മാറ്റേണ്ടി വന്നു. നിയമപഠനം നടത്തുമ്പോഴും തത്വചിന്ത പഠിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. 1841 ൽ, 23-ാമത്തെ വയസ്സിൽ ''പ്രകൃതിയെ കുറിച്ചുള്ള ഡെമോക്രിറ്റസിന്റെയും എപ്പിക്യൂറസ്സിന്റെയും തത്വചിന്തയിലെ വ്യത്യാസം" എന്ന വിഷയത്തിൽ ഡോക്ടറൽ ബിരുദം നേടി. ദൈവശാസ്ത്രം തത്വശാസ്ത്രത്താൽ വിലയിരുത്തപ്പെടണം എന്നതാണ് ഡോക്ടറൽ പ്രബന്ധത്തിന്റെ പ്രചോദനമെന്ന പരീക്ഷകന്റെ പ്രസ്താവനമൂലം ബെർലിൻ യൂണിവേഴ്സിറ്റി അദ്ദേഹത്തിന് ഡോക്ടറേറ്റ് ബിരുദം നിഷേധിച്ചു. എങ്കിലും ജെന യൂണിവേഴ്സിറ്റി (University of Jena) പ്രസ്തുത പ്രബന്ധത്തിന് ഡോക്ടൽ ബിരുദം നൽകി. അരിസ്റ്റോട്ടിൽ, തോമസ് അക്വീനാസ്, റൂസ്സോ എന്നിവർ, പ്രപഞ്ചത്തിന് പ്രപഞ്ചത്തിൽ നിന്ന് വ്യത്യസ്തനായ ഒരു ആദികാരണം (Prime Mover) ഉണ്ടെന്ന് വാദിച്ചവരാണ്. ഇതിൽ നിന്ന് വ്യത്യസ്തമായി പ്രപഞ്ചം അനാദിമുതൽ നിലനിന്നിരുന്ന ഭൗതിക കണങ്ങളുടെ വളഞ്ഞ സഞ്ചാരം മൂലം പരസ്പരം കൂട്ടിയിടിച്ച് പുതിയ വസ്തുക്കളുണ്ടായി രൂപം കൊണ്ടതാണെന്ന് മാർക്സ് വാദിച്ചു. പ്രപഞ്ചം സ്വയം ജനിച്ചതാണെന്ന് (Sui Generis) ഈ പ്രബന്ധത്തിലൂടെ സ്ഥാപിക്കാൻ മാർക്സ് ശ്രമിക്കുന്നു.

ഡോക്ടറൽ ബിരുദം ലഭിച്ചതിനുശേഷം തത്ത്വചിന്തയുടെ അദ്ധ്യാപകനാകാനായിരുന്നു ആഗ്രഹമെങ്കിലും ദൈവനിഷേധിയായതിനാൽ അദ്ധ്യാപന ജോലി നിഷേധിക്കപ്പെട്ടു. അക്കാലത്ത് യൂണിവേഴ്സിറ്റികളെല്ലാം സർക്കാർ നിയന്ത്രിതമായിരുന്നു. സർക്കാരിന്റെ ഔദ്യോഗിക വ്യാഖ്യാനങ്ങൾ

www.malankaralibrary.com



ക്കെതിരെയുള്ളവരെ ഇടതന്മാർ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. മാർക്സ് ഇടതുപക്ഷ ഹെഗേലിയൻ വിഭാഗത്തിലായിരുന്നു.

1842-ൽ സർക്കാർ വിരുദ്ധ നിലപാടുകൾ പുലർത്തുന്ന Rheinishe zeitung എന്ന പത്രത്തിന്റെ പത്രപ്രവർത്തകനായി ജോലിയിൽ പ്രവേശിച്ചു. ആ പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന ലേഖനങ്ങൾ സർക്കാർ വിരുദധമായതിനാൽ പത്രത്തിനുമേൽ സെന്സർഷിപ്പ് ഏർപ്പെടുത്തി. സെൻസർഷിപ്പ് നിയമങ്ങൾക്കെതിരെയുള്ള മാർക്സിന്റെ ലേഖനങ്ങൾ സ്വതന്ത്ര പത്രപ്രവർത്തനം മനുഷ്യ സ്വാതന്ത്ര്യത്തിന്റെയും, ജനാധിപത്യത്തിന്റെയും അടിത്തറയാണെന്ന് സ്ഥാപിക്കുന്നവയായിരുന്നു.വൈരുദ്ധ്യമെന്ന് പറയട്ടെ പത്രസ്വാത്രന്ത്ര്യത്തിന് വേണ്ടി നിലനിന്നിരുന്ന കാറൽമാർക്സ്,അദ്ദ്ഹം വിഭാവനം ചെയ്ത ആദർശ സമൂഹത്തിൽ വാർത്താ മാധ്യമങ്ങൾ സർക്കാർ ഉടമസ്ഥതയിൽ മാത്രമേ നിലനിൽക്കാവൂവെന്ന് ശഠിക്കുന്നു( മാർക്സ് ഏംഗൽസ്, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ). ഈ വാദമാണ് പീന്നീട് സോവിയറ്റ് യൂണിയനിലും, ചൈനയിലും, മറ്റ് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും നടപ്പിലാക്കിയത്.

1843 ൽ ഫ്രാൻസിൽ നിന്ന് പ്രസിദ്ധികരിച്ചിരുന്ന Deutsch - Franzosiseche Jahrbuher എന്ന പത്രത്തിന്റെ പ്രവർത്തകനായി ജോലിയിൽ പ്രവേശിച്ചു. പാരീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് ജൂൺ 19,1843 ൽ ജെന്നിയെ (Jenny Von westphalen) ഏഴു വർഷത്തെ പ്രണയശേഷം ലൂഥറൻ ആചാര പ്രകാരം വിവാഹം ചെയ്തു. അദ്ദേഹത്തിന് ഏഴു മക്കളുണ്ടായെങ്കിലും മൂന്നു പേർ മാത്രമേ പ്രായപൂർത്തിയാള്ളൂ. മറ്റു മക്കളെല്ലാം കുട്ടിക്കാലത്ത് മൃതിയടഞ്ഞു.

1844 ൽ അദ്ദേഹം രചിച്ച ലേഖനങ്ങളാണ് പാരീസ് മാനുസ്ക്രിപ്റ്റ്സ് എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. മനുഷ്യൻ, മനുഷ്യത്വം, വർഗ്ഗസ്വത്വം, അന്യവൽക്കരണം എന്നീ ആശയങ്ങൾ ഈ ലേഖനങ്ങളിലാണ് രൂപപ്പെടുന്നത്. മനുഷ്യന്റെ യഥാർത്ഥ സ്വത്വം നഷ്ടപ്പെട്ടത് സ്വകാര്യസ്വത്തിന്റെ ആവിർഭാവം മൂലമാണെന്ന റൂസ്സോയുടെ വാദത്തെ കാറൽ മാർക്സ് ഈ ലേഖനങ്ങളിലൂടെ വ്യത്യസ്ഥമായ രീതിയിൽ അവതരിപ്പിക്കുന്നു. സ്വകാര്യസ്വത്തും, സ്വകാര്യ കുടുംബവുമാണ് ലോകത്തിലുള്ള എല്ലാ ചൂഷണത്തിന്റേയും അടിത്തറയെന്ന റൂസ്സോയുടെ വാദത്തെ ഈ കൃതി അടിസ്ഥാന പ്രമാണമായി സ്വീകരിക്കുന്നു. അതുകൊണ്ട് ക്രൂഡ് കമ്മ്യൂണിസമെന്നാൽ (Crude Communism) സ്വകാര്യ സ്വത്തിന്റെയും സ്വകാര്യ ഭാര്യയുടെയും നിഷേധമാണെന്നും പാരീസ് മാനുസ്ക്രിപ്റ്റ്സിൽ ഉന്നയിക്കുന്നു.

പാരീസിലെ താമസക്കാലത്ത് രചിച്ച ചില ലേഖനങ്ങളാണ് ക്രിറ്റിക്ക് ഓഫ് ഹെഗേലിയൻ ഫിലോസഫി ഓഫ് റൈറ്റ്. പ്രസ്തുത ഗ്രന്ഥത്തിന് ആമുഖമായി

www.malankaralibrary.com



രചിച്ച ക്രിറ്റിക്ക് ഓഫ് ഹെഗേലിയൻ ഫിലോസഫിയ്ക്കൊരു ആമുഖമെന്ന ലേഖനത്തിലാണ് മതം മനുഷ്യനെ കറുപ്പാണെന്ന് മാർക്സ് എഴുതുന്നത്. 1844-ൽ ഫ്രെഡറിക്ക് എംഗൽസുമായി സൗഹൃദം ആരംഭിക്കുകയും, പ്രസ്തുത സൗഹൃദം മരണം വരെ തുടരുകയും ചെയ്തു. പത്ര പ്രവർത്തകനായുള്ള ജീവിതകാലഘട്ടത്തിൽ അദ്ദേഹം ഇടതുപക്ഷ ഹെഗേലിയമാരുമായി സൗഹൃദത്തിലായിരുന്നു. 1844 ൽ മാർക്സും എംഗൽസും സംയുക്തമായി "ഹോളിഫാമിലി" എന്ന ഗ്രന്ഥം രചിച്ചു. ഈ ഗ്രന്ഥം ഇടതുപക്ഷ ഹെഗേലിയന്മാരെ വിമർശിക്കുന്നതായിരുന്നു. പാരീസ് മാനുസ്ക്രിപ്റ്റിസിലെ ലേഖനങ്ങളിൽ അധികവും ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രത്തിലെ ആശയങ്ങളുടെ ചുരുക്കിയെഴുത്തുകളാണ്. അവയാണ് പിന്നീട് മാർക്സ് തന്റെ സാമ്പത്തിക സിദ്ധാന്തങ്ങളുടെ അടിത്തറയാക്കിയത്. അവരുടെ കണ്ടെത്ത ലുകളെ മുഴുവനായും സത്യപ്രസ്താവനകളായി സ്വീകരിച്ചുവെന്നത് മാർക്സിന് സംഭവിച്ച അബദ്ധങ്ങളുടെ അടിസ്ഥാന കാരണമെന്ന് മനസ്സിലാക്കാം.

പാരീസിൽ താമസിക്കുന്നത് ബുദ്ധിമുട്ടായപ്പോൾ അദ്ദേഹം 1845 ൽ ബ്രസ്സൽസിലേക്ക് കുടിയേറി. ബ്രസ്സൽസിൽ കുടിയേറണമെങ്കിൽ സർക്കാരിനെതിരെ ഒന്നും എഴുതി പ്രസിദ്ധീകരിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യണം. എങ്കിലും മാർക്സ് തന്റെ രചനകൾ തുടർന്നു. 1848 ൽ സർക്കാർ വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകി എന്ന കുറ്റത്തിന് ബെൽജിയത്തിൽ നിന്ന് നാടുവിടേണ്ടി വന്നു. താൽക്കാലികമായി പാരീസിലേക്ക് മടങ്ങിയെങ്കിലും 1848 - 49 കാലഘട്ടത്തിൽ ജർമ്മനിയിലെ കൊളോൺ നഗരത്തിൽ താമസിച്ച് ഫ്രെഡറിൽ എംഗൽസുമായി ചേർന്ന് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ രചിച്ചു. 1849 ൽ ജർമ്മനി കാറൽ മാർക്സിനെ നാടുകടത്തുകയും പിന്നീട് മരണം വരെ അഭയാർത്ഥിയായി ലണ്ടൻ നഗരത്തിൽ താമസിക്കുകയും ചെയ്തു.

1849 നു ശേഷം അദ്ദേഹം രൂപമെടുത്തിയ സാമ്പത്തിക ശാസ്ത്ര അന്വേഷണങ്ങളുടെ ആകെ തുകയാണ് "മൂലധനം" (Das Kapital). 1867 ൽ പ്രസിദ്ധീകൃതമായ മൂലധനത്തിന്റെ ഒന്നാം വാല്യം മാത്രമാണ് മാർക്സ് പ്രസിദ്ധീകരിച്ചത്. ഒന്നാം വാല്യത്തിൽ കണ്ടെത്തിയ വൈരുദ്ധ്യങ്ങൾക്കുള്ള മറുപടിയാണ് രണ്ടും മൂന്നും വാല്യങ്ങൾ. പക്ഷെ മൂലധനമെന്ന ഗ്രന്ഥത്തിനു നേരെ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി നൽകാൻ ഇന്നും മാർക്സിസ്റ്റ് സൈദ്ധാന്തി കർക്ക് കഴിഞ്ഞിട്ടില്ല. സൈദ്ധാന്തിക വൈരുദ്ധ്യമുള്ള പ്രമേയങ്ങൾക്ക് യൂറോപ്പ്യൻ സമൂഹം പ്രാധാന്യം നൽകാത്തതു കൊണ്ട് യൂറോപ്പ്യൻ സമൂഹത്തിൽ നിന്ന് മൂലധനമെന്ന ഗ്രന്ഥം പുറം തള്ളപ്പെട്ടു. 1883 മാർച്ച് 14-ാം തിയ്യതി മാർക്സ് തന്റെ ഇതിഹാസ തുല്യമായ ജീവിതത്തിനുശേഷം അന്തരിച്ചു. മാർക്സിന്റെ കൃതികൾ വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണെങ്കിലും അവയുടെ സ്വാധീനം ഇന്നും നിലനിൽക്കുന്നു.

www.malankaralibrary.com